ഉത്തരം

(എ&ബി) മലപ്പുറം മേൽമുറി എ.എം.ഇ.ടി.എച്ച്.എസ്.-ലെ ഹൈസ്കൂൾ (ഇംഗ്ലീഷ്) അദ്ധ്യാപികയായ ശ്രീമതി ഷഹ്ന ആസിഫയുടെ 9-9-2013-ലെ അപേക്ഷ ബഹു. ഹൈക്കോടതിയിൽ ടിയാൾ ഫയൽ ചെയ്ത 21352/13 റിട്ട് പെറ്റീഷനിൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ പരിശോധിക്കുകയുണ്ടായി. കെ.ഇ.ആർ. അനുശാസിക്കുന്ന ചട്ടങ്ങളും നിലവിലുള്ള ഉത്തരവുകളും അനുസരിച്ച് ശ്രീമതി ഷഹ്ന ആസിഫയുടെ 1-6-2011-നു മുമ്പുള്ള സേവനകാലയളവ് അംഗീകരിക്കണമെന്ന അപേക്ഷ പരിഗണിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ ആയത് നിരസിച്ച് സർക്കാർ സ.ഉ.(സാധാ) നമ്പർ. 589/15/പൊ.വി. തീയതി 9-2-2015 ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി & ഡി ) വിവരം ശേഖരിച്ചുവരുന്നു.

**മുന്നിയൂർ ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകന്റെ ഭാര്യയ്ക്ക് ജോലി**

86 (3821) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ):
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനേജരുടെ പീഡനവും കള്ളക്കേസും മൂലം ആത്മഹത്യ ചെയ്ത മലപ്പുറം ജില്ലയിലെ മുന്നിയൂർ ഹയർ സെക്കണ്ടറി അദ്ധ്യാപകനെ നേരത്തെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ട മാനേജരുടെ നടപടി ഡി.പി.ഐ. റദ്ദാക്കിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത അദ്ധ്യാപകന്റെ ഭാര്യക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. മലപ്പുറം ജില്ലയിലെ മുന്നിയൂർ ഹയർ സെക്കണ്ടറി സ്കൂളിലെ ആത്മഹത്യ ചെയ്ത അദ്ധ്യാപകൻ കെ.കെ. അനീഷിനെ നേരത്തെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ട മാനേജരുടെ നടപടി, പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 18-5-2015-ലെ വി1/61806/14/ഡിപിഐ നമ്പർ ഉത്തരവ് പ്രകാരം റദ്ദാക്കിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. *

(ബി) നിലവിലുള്ള നിയമപ്രകാരം പ്രസ്തുത മാനേജ്മെന്റിന്റെ കീഴിലുള്ള സ്കൂളിൽ മാത്രമേ ടിയാന്റെ ഭാര്യയ്ക്ക് നിയമനം നൽകുവാൻ വ്യവസ്ഥയുള്ളൂ.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly